ശ്രീ. കെ. പി. ഗോപാലൻ : അതു നഷ്ടം വളരെ കുറഞ്ഞു വന്നിട്ടുണ്ട്. പഴയ ഫാക്ടറിയിൽ ഇണം കുറഞ്ഞതും, ഉപയോഗപ്രദമല്ലാത്തതുമായ സാധനങ്ങളാണ് ഉണ്ടാക്കിയിരുന്നതു്. എന്നാൽ പുതിയ ഫാക്ടറിയിൽ നല്ലതരം പോട്ടറി സാമാനങ്ങളും ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണു്. അതു് വിറ്റഴിച്ചു വരുന്നുമുണ്ടു്. ക്രമേണ ഇതിന്റെ പ്രവർത്തനം നഷ്ടത്തിലല്ലാതെ വരുമെന്നാണു് ഗവണ്മെന്റു് പ്രതീക്ഷിക്കുന്നതു്.

ശ്രീ. ആർ. സുഗതൻ : ഈ രാജ്യത്തെ കുടിമണ്ണു വ്യവസായത്തെ അഭിവൃദ്ധിപ്പെടുത്തേണ്ട ആവശ്യമുള്ളതുകൊണ്ടു് ഇത്തിക്കരയിൽ ഒരു കുടിമൺ ഫാക്ടറി തുടങ്ങുവാൻ ഗവണ്മെന്റു് ശ്രമിക്കുമോ ?

ശ്രീ. കെ. പി. ഗോപാലൻ : അവിടെയൊരു ഫാക്ടറി നടത്തുവാൻ ഗവണ്മെന്റിനു പ്രത്യേകമായി ഒരു പദ്ധതിയുണ്ടു്.

ശ്രീ. എം. നാരായണക്കുറുപ്പു് : ഇപ്പോൾ പുതുതായി തുടങ്ങിയിരിക്കുന്ന ഫാക്ടറി നഷ്ടത്തിൽ വന്നതു് സാധങ്ങളുടെ വിലക്കുടുതലല്ലെങ്കിൽ, കച്ചാളിറി മോശമായതുകൊണ്ടാണെന്നാണോ പറയുന്നതു് ?

ശ്രീ. കെ. പി. ഗോപാലൻ : കച്ചാളിറി മോശമല്ല. നല്ല കച്ചാളിറിയിൽ അവിടെ സാധനങ്ങൾ നിർമ്മിക്കുന്നുണ്ടു്. ആ സാധനങ്ങൾ വളരെ വേഗത്തിൽ വിറ്റഴിക്കാൻ ശ്രമിക്കുന്നുണ്ടു്. അതുകൊണ്ടു് ക്രമേണ നഷ്ടം വരികയില്ലെന്നാണു് വിചാരിക്കുന്നതു്.

## കരിങ്കൽ തൊഴിലാളികളുടെ മിനിമം വേജസു്.

*1762. [8] ശ്രീ. ടി കെ. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിനു് തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കരിങ്കൽ തൊഴിലാളികളുടെ മിനിമം വേജസു് റിവൈസു് ചെയ്യുന്നതിനുള്ള നടപടികൾ എത്രത്തോളമായെന്നു വ്യക്തമാക്കുമോ ?

ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. വി. തോമസു്) :

കരിങ്കൽ തൊഴിലാളികളുടെ മിനിമം വേജസു് റിവൈസു് ചെയ്യുന്നതിനുള്ള നടപടികൾ എടുത്തു കൊണ്ടിരിക്കുകയാണു്. അതിനെ സംബന്ധിച്ചുള്ള വിവരങ്ങൾ ശേഖരിച്ചു കഴിഞ്ഞാൽ ഉടൻ അഡൈ്വസറി ബോർഡു തീരുമാനം എടുക്കുന്നതാണു്.

## സ്റ്റോറേജ് ട്രാൻസ്പോർട്ടു്.

*1763. [10] ശ്രീ. എൻ. ശിവൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്കു് തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

(എ) സ്റ്റോറേജ് ട്രാൻസ്പോർട്ടു സർവ്വീസിന്റെ പ്രവർത്തനസൗകര്യങ്ങൾക്കായി സംസ്ഥാനത്തെ എത്ര സർവ്വീസ്സു് ഡിസ്ട്രിക്ടുകളായി തിരിച്ചിട്ടുണ്ടു് ;

(ബി) ഓരോ ഡിസ്ട്രിക്ടിലും ആവശ്യമായ വർക്ഷോപ്പുകളും സ്റ്റാഫും പ്രവർത്തിക്കുന്നുണ്ടോ ;

(സി) ഓരോ ഡിസ്ട്രിക്ടിലും ഓടുന്ന സർവ്വീസു് ബസ്സുകളെത്ര ?

LIBRARY ARCHIVES Kerala Legislative Assembly

(എ) ഒൻപതു.

(ബി) ഉണ്ടു.

(സി)

| | | |
|---|---|---|
| 1. | തിരുവനന്തപുരം ബസ്സ്റ്റേഷൻ | 98 |
| 2. | തിരുവനന്തപുരം സിറ്റി | 85 |
| 3. | കൊല്ലം | 42 |
| 4. | കൊട്ടാരക്കര | 30 |
| 5 | കോട്ടയം | 45 |
| 6 | ആലപ്പുഴ | 54 |
| 7 | എറണാകുളം | 24 |
| 8. | ആലുവാ | 23 |
| 9. | തൃശ്ശൂർ | 29 |

ശ്രീ. എൻ. ശിവൻപിള്ള : ബസ്സുകൾക്കു എന്തെങ്കിലും തകരാറുണ്ടായാൽ അതു നന്നാക്കുന്നതിനു വേണ്ടി കമ്പനിക്കാർ ഇവിടെയോ മറ്റോ ഏർപ്പാടു ചെയ്തിട്ടുണ്ടോ എന്നു ദയവായി അറിയിക്കുമോ?

ശ്രീ. ടി. വി. തോമസ്സ് : അങ്ങനെ നിർദ്ദേശം കൊടുത്തിട്ടുണ്ടു്. അതുകൊണ്ടു് എഞ്ചിൻ തകരാറുണ്ടായാൽ അതു നന്നാക്കുന്നതിനു വേണ്ടി കമ്പനിക്കാർ ഇവിടെയോ മറ്റോ ഏർപ്പാടു ചെയ്തിട്ടുണ്ടോ എന്നു ദയവായി അറിയിക്കുമോ?

ശ്രീ. എൻ. ശിവൻപിള്ള : എത്രയും നിസ്സാരമായ ചില തകരാറുകൾ ഇപ്പോൾ അവരെ കമ്പനിക്കാരെക്കൊണ്ടു നടത്തിക്കുവാൻ അനുവദിക്കുന്നുണ്ടോ; കേരളത്തിൽ സഹകരണാടിസ്ഥാനത്തിലുള്ള വർക്ക്ഷോപ്പുകൾ ഉള്ളപ്പോൾ അവയെ ഏൽപ്പിക്കുന്നതിനു വേണ്ടി നടപടികൾ സ്വീകരിക്കുമോ?

ശ്രീ. ടി. വി. തോമസ്സ് : നിസ്സാരമായ തകരാറുകളെ ഉള്ളുവെങ്കിൽ വണ്ടിയിൽ ഉള്ളവർതന്നെ നന്നാക്കിക്കൊള്ളട്ടെ എന്നുള്ള അഭിപ്രായത്തിൽ വഴിയിൽ കിടക്കുന്ന മിഷ്യൻ വേറെ കമ്പനിക്കാരെ കൊണ്ടു് നന്നാക്കുന്നതിനു അനുവദിച്ചിട്ടില്ല.

ശ്രീ. കെ. എം. ജോർജ്ജ് : വഴിയിൽ കിടക്കുന്ന ബസ്സുകൾ കഴിയുന്നതും അടുത്തുള്ള വർക്ക്ഷോപ്പിൽ നന്നാക്കി ഓടിക്കുന്നതിനുള്ള നടപടികൾ എടുക്കുമോ? ഇപ്പോൾ നന്നാക്കുന്നതിനു വളരെ കാലതാമസം എടുക്കുന്നുണ്ടു്. ഈ വർക്ക്ഷോപ്പുകൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. ടി. വി. തോമസ്സ് : അതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടു്. കേരളത്തിൽ ഇപ്പോൾ ഉള്ള മെസ്സേഴ്സ് ഹിന്ദുസ്ഥാൻ മോട്ടോഴ്സിനു പുറമേ വർക്ക്ഷോപ്പുകൾ തുടങ്ങുന്നതിനു ഏർപ്പാടുകൾ ചെയ്തിട്ടുണ്ടു്.

## വ്യവസായബന്ധബിൽ.

* 1764 ശ്രീ. പി. അയ്യപ്പൻ : തൊഴിൽവകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) അസംബ്ലിയിൽ അവതരിപ്പിച്ചിട്ടുള്ള വ്യവസായബന്ധബില്ലിന്റെ കാപ്പി കേന്ദ്രഗവണ്മെന്റിനു അയച്ചിരിക്കുന്നുവെന്നുള്ളതു ശരിയാണോ;

(ബി) ഉണ്ടെങ്കിൽ കേന്ദ്രഗവണ്മെന്റു പ്രകടിപ്പിച്ചിട്ടുള്ള അഭിപ്രായം



LIBRARY ARCHIVES Kerala Legislative Assembly